൧

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

വിവരാവകാശ നിയമം 2005 - അപേക്ഷാഫീസ് - വിവരാവകാശ കമ്മിഷന്റെ നിർദ്ദേശം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ: ROC 625/17/Est-I നന്തൻകോട്, 09/05/2017

---

പരാമർശം :- 18-12-2007 ലെ 540/2007/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

പരാമർശം സർക്കാർ ഉത്തരവ്പ്രകാരം കേരള സർക്കാരിന്റെ പൊതുഭരണ (ഏകോപന) വകുപ്പ്, കേരള വിവരാവകാശ നിയമം 2006 ന്റെ ഫീസ് സംബന്ധിച്ച നിയമത്തിൽ 2007 ൽ വരുത്തിയ ഭേദഗതിയനുസരിച്ച് സർക്കാരിതര വകുപ്പുകളിൽ നിന്ന് വിവരം ലഭിക്കുന്നതിന് അതത് സ്ഥാപനത്തിന്റെ അക്കൗണ്ടുകളിൽ തന്നെ പണം ഒടുക്കേണ്ടതാണ്. ഇതനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷാഫീസ്, പകർപ്പ് ലഭ്യമാക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയെല്ലാം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഫണ്ടിൽ തന്നെ ഒടുക്കേണ്ടതാണ്.

ആയതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 2017 മേയ് പതിനഞ്ച് മുതൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്കൊപ്പം അപേക്ഷാഫീസ്, പകർപ്പ് ലഭ്യമാക്കുന്നതിനുള്ള മറ്റുചെലവുകൾ എന്നിവയ്ക്കായി ഫീസ് ഒടുക്കേണ്ടത് ചുവടെ പറയുന്ന ഏതെങ്കിലും രീതിയിൽ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ബോർഡുത്തരവാകുന്നു.

(1) തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്റ്റാമ്പ്

(2) തിരുവിതാംകൂർ ദേവസ്വം ബോർഡ് അക്കൗണ്ട്സ് ആഫീസറുടെ പേരിലുള്ള 126-1-39782 നമ്പർ അക്കൗണ്ടിൽ ധനലക്ഷ്മി ബാങ്കിൽ തുക അടച്ച അസ്സൽ ചെല്ലാൻ.

(3) തിരുവിതാംകൂർ ദേവസ്വം ബോർഡ് അക്കൗണ്ട്സ് ആഫീസറുടെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ്/പോസ്റ്റൽ ഓർഡർ.

(4) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ പണം അടച്ച 1-ാം നമ്പർ അസ്സൽ രസീത്.

വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് 2017 മേയ് 15 മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്ഥാപനങ്ങളിൽ കോർട്ട്ഫീ സ്റ്റാമ്പ് പരിഗണിക്കേണ്ടതല്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

(മറുപുറം)

EDP

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. പബ്ലിക് റിലേഷൻസ് ആഫീസർ - പ്രസിദ്ധീകരണത്തിന്
3. പബ്ലിക് ഇൻഫർമേഷൻ ആഫീസർ
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി

SK